(ബി)

ജലസേചനം പ്രോജക്ട് 11	:	21.72 കോടി രൂപ.
ജലസേചനം പ്രോജക്ട് 111	:	6.05 കോടി രൂപ.
ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	:	1.45 കോടി രൂപ
ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ	:	ഇല്ല.

(സി) ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത ലോൺ

29 (417) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഏതൊക്കെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്തിട്ടുണ്ട് ; എത്ര തുക വീതം ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന സർക്കാർ വിവിധ ജില്ലാബാങ്കുകളിൽ നിന്നും എടുത്ത തുക തിരികെ നൽകുവാൻ ജില്ലാ സഹകരണ ബാങ്കുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി കൈക്കൊണ്ടു ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ എടുത്തിട്ടുള്ള വായ്പകളുടെ ടേംസ് ആന്റ് കണ്ടീഷൻസ് എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടില്ല.

(ബി&സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടില്ല.

മാനവീയം പരിപാടി

30 (418) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം പരിപാടിക്ക് ബഡ്ജറ്റിൽ എത്ര രൂപയാണ് വക കൊള്ളിച്ചത് ;

(ബി) ഈ പരിപാടിക്ക് ഇതിനോടകം എത്ര രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മാനവീയത്തിന് അധികച്ചെലവുണ്ടായിട്ടുണ്ടെങ്കിൽ അത് ഏത് ഹെഡ്ഡിൽ നിന്നും വകമാറ്റിയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാനവീയം പരിപാടികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 17-07-1999-ൽ ആയിരുന്നു. അതിനാൽ അക്കൊല്ലത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരുന്നില്ല.

(ബി) 148 ലക്ഷം രൂപ ഇതിനകം മാനവീയം സാംസ്ക്കാരിക മിഷൻ ചെലവ് ചെയ്തിട്ടുണ്ട്.

(സി) മാനവീയം സാംസ്ക്കാരിക മിഷന്റെ പ്രവർത്തനത്തിന് വക മാറ്റി ചെലവ് ചെയ്തിട്ടില്ല.

കൊല്ലം കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്നവർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിനുള്ള നടപടി

31 (419) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് കോർപ്പറേഷൻ പരിധിയിൽ ബാധകമായ നിരക്കിൽ വീട്ടുവാടക അലവൻസ് നൽകുന്നില്ല എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക അലവൻസ് നൽകുന്നതിനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ ;

(ഡി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരപ്രദേശങ്ങളിലെ സർക്കാർ ജീവനക്കാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നത് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നഗരങ്ങളെ തരംതിരിച്ച് കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

(സി) കൊല്ലം കോർപ്പറേഷനെ ബി-2 ക്ലാസ്സ് സിറ്റിയായി പ്രഖ്യാപിച്ച് കൊണ്ടുള്ള കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത സാഹചര്യത്തിലാണ് ഈ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വീട്ടുവാടക അലവൻസ് നൽകാൻ കഴിയാത്തത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉത്തരവ് ലഭിച്ചാലുടൻ പുതുക്കിയ നിരക്കിലുള്ള വീട്ടു വാടക അലവൻസ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly